ഉത്തരം

(എ) ഉണ്ട്.

(ബി) 4.50 ലക്ഷം രൂപ.

(സി) ഈ ജോലിക്ക് ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപയാണ് ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ളത്. പക്ഷേ ഈ കൊല്ലത്തെ ബഡ്ജറ് തുക തുടങ്ങിവച്ച ജോലികൾക്കു തന്നെ മതിയാവുകയില്ല. അതുകൊണ്ടാണ് ഈ ജോലി തുടങ്ങുവാനുള്ള കാലതാമസം.

(ഡി) 1979-80—ലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പണി തുടങ്ങുന്നതാണ്.

പെരുവേലിക്കര ബണ്ടിന്റെ നിർമ്മാണം

740 [1078] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശാസ്താംകോട്ട പഞ്ചായത്തിൽ ''പെരുവേലിക്കര ബണ്ട്'' നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റ് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ ബണ്ട് നിർമ്മാണം തുടങ്ങുവാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) അടുത്ത സാമ്പത്തിക വർഷം ഇതിന്റെ പണി ആരംഭിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കാക്കടവ് പദ്ധതി

741 [1080] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പദ്ധതിയിൽ ഉൾക്കൊള്ളിച്ച കേരളത്തിലെ വൻകിട ജലസേചന പദ്ധതികൾ ഏതൊക്കെ;

(ബി) കാക്കടവ് പദ്ധതിക്ക് എന്തു തുക വക കൊള്ളിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്"?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടമലയാർ, വാമനപുരം, ബോപ്പുപ്പാറപുഴ, കുറിയാർകുറ്റി കരപ്പാറ, കാക്കടവ് എന്നീ പദ്ധതികളാണ് ആറാം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) 1978-83 ലേയ്ക്കു 1,300 ലക്ഷം ഉറുപ്പിക കാക്കടവ് പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

(സി) ഏഴാം പഞ്ചവത്സര പദ്ധതി കാലത്ത് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജലസേചന പദ്ധതികളുടെ പ്രവർത്തനം

742 [1086] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർപുഴ പ്രോജക്ടിൽ 1978-79-ലെ പ്രവർത്തനത്തിന് നീക്കി വച്ച സംഖ്യ മുഴുവൻ ഉപയോഗിക്കരുതെന്ന് നിർദ്ദേശം നൽകുകയുണ്ടായോ; എത്ര സംഖ്യ അതിൽ നിന്നെടുത്തു മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി;

(ബി) ചിറ്റൂർപുഴ പ്രോജക്ടിൽ ചില കനാൽ പ്രവർത്തിക്കുന്നതിനാൽ ആവശ്യപ്പെടുകയും പിന്നീട് ചിലത് റദ്ദാക്കപ്പെടുകയും ഉണ്ടായിട്ടുണ്ടോ; എന്തു കാരണത്താൽ?

ഉത്തരം

(എ) നീക്കിവച്ച സംഖ്യ മുഴുവൻ ഉപയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടില്ല. ചിറ്റൂർപുഴ പദ്ധതിക്കു വേണ്ടി 1978-79-ലേക്കു വകകൊള്ളിച്ചിട്ടുള്ള സംഖ്യയിൽനിന്ന് ഏകദേശം 9.50 ലക്ഷം രൂപ ഈ പദ്ധതിയുടെ തന്നെ മറ്റൊരു ഭാഗമായ മൂലത്തറ വലതുകര കനാലിനു വേണ്ടി ഉപയോഗിക്കുവാൻ പരിപാടിയുണ്ട്.

(ബി) ടെൻഡർ ആവശ്യപ്പെട്ടതിനു ശേഷം റദ്ദാക്കിയ യാതൊരു കേസും ഉണ്ടായിട്ടില്ല.

തൊഴിൽ നിയമങ്ങൾക്ക് ഭേദഗതി

743 [1088] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമലംഘനകേസ്സുകളിൽ നിയമലംഘകർക്കു നാമമാത്രമായ ശിക്ഷ മാത്രം നൽകുന്നതുമൂലം തൊഴിൽ നിയമലംഘന കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly